**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** **10-02-2025 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയിലെ പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ഓഗസ്റ്റ് 28 ന് അംഗീകാരം നൽകി. കണ്ണമ്പ്ര ഭൂമി ഏറ്റെടുക്കൽ ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. 299 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്. രണ്ടാം ഘട്ടത്തിലെ 13 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഐ.എം.സി കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. 2024 ഡിസംബറിൽ പുതിയ വ്യാവസായിക സ്മാർട്ട് സിറ്റികൾക്കായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി സേവനത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br><br>കണ്ണമ്പ്രയിലെ ആകെയുള്ള 313 ഏക്കറിൽ 54.21% ഭൂമി (169.67 ഏക്കർ) വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. അതിൽ 107.34 ഏക്കർ ഫുഡ്സ് ആൻഡ് ബിവറേജസ് മേഖലയ്ക്കായും, 20.1 ഏക്കർ ലോഹേതര ധാതു ഉൽപന്നങ്ങൾക്കായും, 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കായും, 11.56 ഏക്കർ റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങൾക്കായും കൂടാതെ, 40.38 ഏക്കർ റോഡുകൾക്കും 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കായും 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കായും 4.72 ഏക്കർ അടിസ്ഥാന സൗകര്യ വികസനത്തിനായും ഉപയോഗിക്കുന്നതാണ്.<br><br>കൺസൾട്ടൻസി സർവീസ് ടെൻഡർ 2024 ഫെബ്രുവരിയിൽ തുറക്കുകയും ടെൻഡർ അന്തിമമാക്കിയ ശേഷം തുടർനടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ